അറിയാനുള്ള അവകാശം വ്യവസ്ഥാപിതമാക്കാൻ നിയമം നിർമ്മിക്കുക തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള അതിവേഗ പദ്ധതി എന്ന പേരിലുള്ള ഒരു വർഷത്തെ കർമ്മപദ്ധതി.

(ix) സർക്കാർ പരിപാടികളുടെ പ്രയോജനം പൂർണ്ണമായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാൻ സർക്കാർ ജീവനക്കാരുടെ മനോഭാവത്തിൽ കാതലായ മാറ്റം വരേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി ജീവനക്കാർക്കുവേണ്ടി വിപുലമായ പരിശീലന പരിപാടി എം.ജി.പി.യുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

പുതിയ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ യഥാസമയം ചർച്ച നടത്താറുണ്ട്.

'ബഹുദൂരം അതിവേഗം' പദ്ധതിയും എം.എൽ.എ. മാരുടെ പ്രൊപ്പോസലുകളും

3 [2433] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 'ബഹുദൂരം അതിവേഗം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എം.എൽ.എ. മാർ സമർപ്പിച്ച പ്രൊപ്പോസലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇതിൽ നടപ്പിലാക്കിയതോ ആരംഭിച്ചതോ ആയ പദ്ധതികൾ ഏതൊക്കെ;

(സി) നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ അതിന്റെ കാരണം ബന്ധപ്പെട്ട മെമ്പർമാരെ അറിയിക്കുമോ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റുകളുടെ പദ്ധതികളാണ് 'ബഹുദൂരം അതിവേഗം' പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† എല്ലാ പദ്ധതികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഇതിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly